# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**എ. പി. എൽ, ബി. പി. എൽ തിരിച്ചുള്ള റേഷൻ ക്വാട്ട കണക്ക്**

1092 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ 5 വർഷത്തെ റേഷൻ ക്വാട്ട എ. പി. എൽ/ബി. പി. എൽ വിഭാഗം തിരിച്ചു വ്യക്തമാക്കാമോ;

(ബി) അനുവദിച്ച റേഷൻ ക്വാട്ടയിൽ കുറവു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) അനുവദിച്ച റേഷൻ ക്വാട്ട മുഴുവൻ മുൻ സർക്കാർ ലിഫ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്തെ റേഷൻ ക്വാട്ട എ. പി. എൽ/ബി. പി. എൽ വിഭാഗം തിരിച്ച് വ്യക്തമാക്കാമോ; ഈ സർക്കാർ അനുവദിച്ച ക്വാട്ട മുഴുവൻ ലിഫ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ഇപ്പോൾ സർക്കാർ ഗോതമ്പുവിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഒരു രൂപയ്ക്ക് അരിയും അപേക്ഷിച്ചാൽ ഉടൻ റേഷൻ കാർഡും പദ്ധതി**

1093 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒരു രൂപയ്ക്ക് അരിയും അപേക്ഷിച്ചാലുടൻ റേഷൻ കാർഡും പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഒരു രൂപയ്ക്ക് അരി നല്കിയതുപോലെ മറ്റ് ഭക്ഷ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നല്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റേഷൻ വിഹിതം**

1094 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ബി.പി.എൽ., എ.പി.എൽ. കാർഡുടമകൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) റേഷൻ കടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ നിലവിൽ ഓരോ ബി.പി.എൽ., എ.പി.എൽ. കാർഡുടമയ്ക്കും പ്രതിമാസം എത്ര വീതം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ പ്രസ്തുത റേഷൻ സാധനങ്ങളുടെ അളവിൽ കേന്ദ്രസർക്കാർ കുറവ് വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) അപ്രകാരം വെട്ടിക്കുറച്ചതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.06.2012 -ലെ മറുപടിക്ക്

## റേഷൻകാർഡുടമകൾക്ക് അനുവദിച്ചിട്ടുള്ള അരി വിഹിതം

**1095 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലക്ഷം റേഷൻ കാർഡുടമകൾ നിലവിലുണ്ട്;

(ബി) ഇതിൽ എ.പി.എൽ, ബി.പി.എൽ കാർഡുകൾ എത്ര വീതം; എ.പി.എൽ, ബി.പി.എൽ കാർഡുകൾക്ക് ഓരോന്നിനും വിതരണത്തിനായി കേന്ദ്ര സർക്കാർ എത്ര അരിയാണ് അനുവദിയ്ക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതു പ്രകാരം ഓരോ കാർഡുടമയ്ക്കും മാസത്തിൽ പരമാവധി എത്ര കിലോ അരി വീതം ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തിന് കേന്ദ്രത്തിൽ നിന്ന് കൂടുതൽ അരി അനുവദിച്ചു കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ബി. പി. എല്‍. റേഷന്‍ വിതരണം</u>

1096 ശ്രീ. കെ. അച്ചുതന്‍
,, സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ബി. പി. എല്‍. കാര്‍ഡ് കുടുംബങ്ങള്‍ക്ക് റേഷനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്‍കിയത് എന്ന് വിശദമാക്കുമോ;

(ബി) എത്ര പേര്‍ക്കാണ് പ്രസ്തുത ആനുകൂല്യങ്ങള്‍ ലഭിച്ചത്;

(സി) റേഷന്‍ കടകള്‍ വഴി കൊടുത്ത അരിയുടെ അളവും വിലയും എത്രയായിരുന്നു എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

### <u>ഉദ്യോഗസ്ഥര്‍ ബി. പി. എല്‍. ലിസ്റ്റില്‍ ഉള്‍പ്പെട്ടതിനെതിരെ നടപടി</u>

1097 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പില്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പുതുക്കിയ ബി. പി. എല്‍. ലിസ്റ്റില്‍ ഉള്‍പ്പെട്ട് അനര്‍ഹരായ പല ഉദ്യോഗസ്ഥരും റേഷന്‍ കാര്‍ഡുകള്‍ വാങ്ങിയിട്ടുണ്ടെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ബി. പി. എല്‍. കാര്‍ഡുകള്‍ വാങ്ങിയ ഉദ്യോഗസ്ഥര്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ ഇതിനായി സ്വീകരിച്ച നടപടികള്‍ എന്തെല്ലാം; വിശദീകരിക്കുമോ; ഇല്ലെങ്കില്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റേഷൻകടവഴിയുള്ള അരി, മണ്ണെണ്ണ വിതരണം**

1098 **ശ്രീ.സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓരോ ബി.പി.എൽ കാർഡ് ഉടമയ്ക്കും റേഷൻകട വഴി നൽകേണ്ട അരി പൂർണ്ണമായും നല്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) രണ്ടു രൂപാ നിരക്കിൽ എത്ര പേർക്ക് അരി വിതരണം ചെയ്യുന്നു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) വൈദ്യുതീകരിക്കാത്ത വീടുകൾക്ക് പ്രതിമാസം അഞ്ചു ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിച്ച വീടുകൾക്ക് രണ്ടു ലിറ്ററും വിതരണം ചെയ്തിരുന്നത് ഇപ്പോഴും അതേ അളവിൽ നല്കുന്നുണ്ടോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**അനർഹമായ ബി.പി.എൽ. റേഷൻ കാർഡ്**

1099 **ശ്രീ. റോഷി അഗസ്റ്റിൻ**
**,, പി. സി. ജോർജ്**
**ഡോ. എൻ. ജയരാജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് ബി.പി.എൽ. റേഷൻ കാർഡ് കൈവശം വച്ചിട്ടുള്ള സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ;**

(ബി) **സർക്കാർ അനുവദിച്ച നിശ്ചിത കാലയളവിനുള്ളിൽ എത്ര ജീവനക്കാർ ബി.പി.എൽ. കാർഡുകൾ സറണ്ടർ ചെയ്തുവെന്ന് അറിയിക്കുമോ ;**

(സി) **സംസ്ഥാനത്ത് അർഹരായ മുഴുവൻ അപേക്ഷകർക്കും ബി.പി.എൽ. കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?**

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**റേഷൻകാർഡ് തയ്യാറാക്കൽ**

**1100 ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം റേഷൻകാർഡിനായുള്ള എത്ര അപേക്ഷകൾ സിവിൽ സപ്ലൈസ് ഓഫീസുകളിൽ തീർപ്പ് കല്പിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) റേഷൻകാർഡ് തയ്യാറാക്കൽ ജോലി ചെയ്തുവന്നിരുന്ന ഏജൻസി ഏതാണ്; ഏജൻസിയെ മാറ്റാനുദ്ദേശിക്കുന്നുണ്ടോ;

(സി) റേഷൻകാർഡ് തയ്യാറാക്കിയ ഇനത്തിൽ ഏതെല്ലാം ഏജൻസികൾക്ക് തുക നല്കുവാനുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>റേഷന്‍ കടകള്‍ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍</u>**

1101 **ശ്രീ. ബി. സത്യന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പുതിയതായി റേഷന്‍ കടകള്‍ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) റേഷന്‍ കടകള്‍ അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തി
ലുള്ള സംവരണ തത്വം പാലിക്കാറുണ്ടോ;

(സി) ഉണ്ടെങ്കില്‍ വിഭാഗം തിരിച്ച് സംവരണം നല്‍കുന്ന രീതി വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**വയനാട് ജില്ലയിലെ റേഷൻ കടകളുടെ നവീകരണം**

1102 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അംഗീകൃത റേഷൻ കടകളുടെ നവീകരണത്തിനും പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കൂടരഞ്ഞിയിൽ റേഷൻ കട**

**1103 ശ്രീ. സി. മോയിൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൂടരഞ്ഞി പഞ്ചായത്തിലെ കൂടരഞ്ഞി അങ്ങാടിയിലെ 15-ാം നമ്പർ റേഷൻ കടയിൽ 1200-ൽപ്പരം റേഷൻ കാർഡുകൾ ഉളളത് കണക്കിലെടുത്ത് പ്രസ്തുത സ്ഥലത്ത് പുതിയൊരു റേഷൻ കട കൂടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റേഷൻമൊത്തവ്യാപാര കമ്മീഷൻ**

1104 **ശ്രീ. ജെയിംസ് മാത്യൂ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര റേഷൻ മൊത്തവ്യാപാര ഡിപ്പോകളുണ്ട്;

(ബി) റേഷൻ സാധനങ്ങൾ ഡിപ്പോകളിൽ സൂക്ഷിച്ച് റേഷൻ കടകളിൽ എത്തിക്കുന്നതിന് ഡിപ്പോകൾക്ക് നല്കുന്ന കമ്മീഷൻ എത്രയാണ്;

(സി) ഏറ്റവും അവസാനമായി കമ്മീഷൻ വർദ്ധിപ്പിച്ചു നല്കിയത് എന്നാണ്;

(ഡി) 2011 മാർച്ചിൽ അവതരിപ്പിച്ച ബജറ്റിൽ ഈ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നോ ; എങ്കിൽ എത്ര രൂപാ വർദ്ധിപ്പിക്കാനായിരുന്നു നിർദ്ദേശം എന്നും ഇത് നടപ്പാക്കാതിരുന്നത് എന്തു കൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഇ) സർക്കാർ ഇപ്പോൾ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റേഷൻ അരിയുടെ കുറവ്**

1105 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേന്ദ്ര സർക്കാരിൽ നിന്ന് പ്രതിമാസം എത്ര അരി റേഷൻ വിലയ്ക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അത് മുൻപ് ലഭിച്ചതിൽ നിന്നും കുറവാണോ ;

(സി) എങ്കിൽ പ്രസ്തുത കുറവ് നികത്തുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റേഷൻ സാധനങ്ങൾ വെട്ടിക്കുറയ്ക്കുന്നത് തടയാൻ നടപടി**

1106 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവയിൽ വെട്ടിക്കുറവു വരുത്തുന്ന സാഹചര്യം ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) 2010-11, 2011-12 വർഷങ്ങളിൽ പ്രസ്തുത സാധനങ്ങൾ ലഭ്യമായതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം</u>

1107

## ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിതരണ സമ്പ്രദായത്തിലൂടെ കേന്ദ്ര സര്‍ക്കാര്‍ 2006 - ല്‍ സംസ്ഥാനത്തിന് എത്ര കിലോലിറ്റര്‍ മണ്ണെണ്ണയാണ് അനുവദിച്ചിരുന്നത്;

(ബി) പ്രസ്തുത വര്‍ഷം സംസ്ഥാനത്ത് എത്ര റേഷന്‍ കാര്‍ഡ് ഉണ്ടായിരുന്നു; ഇപ്പോള്‍ എത്ര എണ്ണം നിലവിലുണ്ട്;

(സി) നിലവില്‍ സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം എത്ര കിലോലിറ്റര്‍ ആണ്;

(ഡി) മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ച് കാര്‍ഡുടമകള്‍ക്ക് മണ്ണെണ്ണ നിഷേധിക്കുന്ന കേന്ദ്ര സര്‍ക്കാര്‍ നടപടിയിലുള്ള സംസ്ഥാന സര്‍ക്കാരിന്റെ പ്രതിഷേധം കേന്ദ്ര സര്‍ക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കില്‍ ഇതില്‍ കേന്ദ്ര സര്‍ക്കാരിന്റെ പ്രതികരണം എന്തായിരുന്നു; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>മണ്ണെണ്ണ വിഹിതം</u>**

**1108 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റേഷൻകട വഴിയുള്ള മണ്ണെണ്ണ വിതരണം വെട്ടിക്കുറയ്ക്കുവാനുണ്ടായ കാരണമെന്താണെന്ന് വിശദമാക്കാമോ; കേന്ദ്ര സർക്കാർ മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് വീണ്ടെടുക്കുന്നതിനും സാധാരണക്കാർക്ക് റേഷൻകട വഴിയുള്ള മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) കേന്ദ്രസർക്കാർ കേരളത്തിലെ സാധാരണ ജനങ്ങൾക്ക് നൽകേണ്ട മണ്ണെണ്ണ വിഹിതം വെട്ടിക്കുറക്കുകയും അതേസമയം മറ്റ് പല സംസ്ഥാനങ്ങൾക്കും നൽകിക്കൊണ്ടിരുന്ന മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടുണ്ടോ;

(സി) കേരളത്തിന് നൽകിവരുന്ന മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് എന്തുകൊണ്ടാണെന്നു പരിശാധിച്ചിട്ടുണ്ടോ;

(ഡി) മണ്ണെണ്ണ വിഹിതം കൂടാതെ ഭക്ഷ്യധാന്യങ്ങളുടെ വിഹിതത്തിൽ എന്തെങ്കിലും കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പുന:സ്ഥാപിച്ചുകിട്ടാൻ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**

**14.06.2012 -ലെ മറുപടിക്ക്**

**<u>റേഷൻ കാർഡുകളുടെ വിതരണം</u>**

**1109**

**ശ്രീ. വർക്കല കഹാർ**
**,, കെ. അച്ചുതൻ**
**,, സി. പി. മുഹമ്മദ്**
**,, ഐ. സി. ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റ ശേഷം റേഷൻ കാർഡുകൾ നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;**

(ബി) **എത്ര ലക്ഷം റേഷൻ കാർഡുകൾക്കുള്ള അപേക്ഷകളിൽ തീർപ്പു കല്പിച്ചിട്ടുണ്ട്;**

(സി) **അതിനായി എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിരുന്നത് ?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>അനർഹമായി നേടിയിട്ടുള്ള ബി.പി.എൽ. റേഷൻകാർഡുകൾ</u>**

1110 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
,, പി.സി. വിഷ്ണുനാഥ്
,, എ.പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യാജ സത്യവാങ്മൂലവും അസത്യ പ്രസ്താവനകളും നൽകി പലരും അനർഹമായി ബി.പി.എൽ. റേഷൻകാർഡ് നേടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കാർഡുകൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡിയിനത്തിൽ നൽകിയ തുക**

1111 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-2012 -ലെ ബഡ്ജറ്റിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡിയിനത്തിൽ എത്ര തുകയാണ് വകയിരുത്തിയത്;

(ബി) പ്രസ്തുത തുകയിൽ പൊതു വിപണിയിൽ ഇടപെടുന്നതിനും പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**സംഭരിച്ച നെല്ലിന്റെ വില**

**1112 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ വഴി സംഭരിച്ച നെല്ലിന്റ വില പൂർണ്ണമായി കൊടുത്തു തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര രൂപ ഇനിയും നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക നൽകാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ എങ്കിൽ അത് എന്ന് കൊടുത്തു തീർക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) സംഭരിച്ച നെല്ലിന്റെ വില ലഭിക്കാത്തതിന്റെ പേരിൽ ആലപ്പുഴ ജില്ലയിൽ ഒരു കർഷകൻ അത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കർഷകന്റെ കുടുംബത്തിന് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>നേമം നിയോജക മണ്ഡലത്തിലെ പുതിയ പദ്ധതി</u>**

1113 **ശ്രീ. വി. ശിവന്‍കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റതിനുശേഷം നൂറുദിന കര്‍മ്മദിന പരിപാടിയില്‍ ഉള്‍പ്പെടുത്തി, നേമം നിയോജക മണ്ഡലത്തില്‍ ഭക്ഷ്യ-സിവില്‍ സപ്ലൈസ് വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>മാവേലി സ്റ്റോർലാഷം മാർക്കറ്റുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം</u>**

1114 ശ്രീ. സി. ദിവാകരൻ
,, വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോൾ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ ലാഭം മാർക്കറ്റുകൾ എന്നിവ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗുണനിലവാരമില്ലാത്ത കാരണത്താൽ ഡിപ്പോകളിൽ നിന്നും മടക്കി അയച്ച സാധനങ്ങൾ വീണ്ടും വിതരണത്തിനായി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം ഡിപ്പോകളിൽ നിന്നും മടക്കി അയച്ച ഏതെല്ലാം സാധനങ്ങളാണ് വീണ്ടും വിതരണം ചെയ്തിട്ടുള്ളത്; അവയുടെ അളവ് എത്ര വീതം; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഭക്ഷ്യവസ്തുക്കളുടെ ദൗര്‍ലഭ്യം പരിഹരിക്കാന്‍ നടപടി**

1115 **ശ്രീ. പി. ശ്രീരാമകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലി സ്റ്റോറുകളില്‍ ഭക്ഷ്യവസ്തുക്കള്‍ക്ക് ദൗര്‍ലഭ്യം അനുഭവപ്പെടുന്നതു മൂലം സാധാരണ ജനങ്ങള്‍ ബുദ്ധിമുട്ടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) രൂക്ഷമായ വിലക്കയറ്റം പിടിച്ചുനിര്‍ത്താന്‍ സബ്സിഡി നിരക്കില്‍ ഭക്ഷ്യവസ്തുക്കള്‍ വിതരണം ചെയ്യുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>കുറുവ പഞ്ചായത്തിലെ പടപ്പറമ്പിൽ മാവേലി സ്റ്റോർ</u>**

1116 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറുവ പഞ്ചായത്തിലെ പടപ്പറമ്പിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കോട്ടപ്പള്ളിയിൽ മാവേലി സ്റ്റോർ**

**1117** **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ കോട്ടപ്പള്ളിയിൽ ഒരു മാവേലി സ്റ്റോർ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഗ്രാമപഞ്ചായത്ത് ഇത് സംബന്ധമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>ഈങ്ങാപ്പുഴയിൽ മാവേലി സ്റ്റോർ</u>

1118 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പുതുപ്പാടി പഞ്ചായത്തിൽ രണ്ടാമതൊരു മാവേലിസ്റ്റോർ ഈങ്ങാപ്പുഴയിൽ അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഗ്രാമപഞ്ചായത്ത് അനുവദിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ളതിനാൽ എത്രയും വേഗം ഇതിനുള്ള അനുമതി നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>പയ്യന്നൂർ - വെള്ളോറയിൽ മാവേലിസ്റ്റോർ</u>

1119 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിലെ വെള്ളോറയിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനായുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>കണ്ണൂർ ജില്ലയിലെ പാചകവാതകക്ഷാമം</u>**

1120 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാചകവാതക ഉപഭോക്താക്കൾക്ക് കൃത്യമായി ഗ്യാസ് സിലിണ്ടർ ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**പൊതുവിതരണ കേന്ദ്രങ്ങളിലൂടെ കൂടുതൽ സാധനങ്ങൾ**

1121 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ കൂടുതൽ സാധനങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എ.പി.എൽ കാർഡിൽപ്പെട്ട കുടുംബങ്ങൾക്ക് നൽകിവരുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(സി) മണ്ണെണ്ണയുടെ അളവ് പഴയ രീതിയിൽ പുന:സ്ഥാപിക്കാനാകുമോ;

(ഡി) റേഷൻ കടകളിലൂടെ പച്ചരി ലഭ്യമാക്കാൻ സാധിക്കുന്നുണ്ടോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ**

1122 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതു വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി എന്തൊക്കെ പുതിയ സംരംഭങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്;

(സി) സംസ്ഥാനത്തെ റേഷൻ കടകൾ വഴി എന്തൊക്കെ നിത്യോപയോഗ സാധനങ്ങളാണ് ഇപ്പോൾ വിതരണം ചെയ്തുവരുന്നത്;

(ഡി) പുതുതായി എന്തൊക്കെ സാധനങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**പൊതുവിതരണ രംഗത്തെ അഴിമതി**

1123 ശ്രീ. പി. എ. മാധവന്‍
,, റ്റി. എന്‍. പ്രതാപന്‍
,, വര്‍ക്കല കഹാര്‍
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിതരണ രംഗത്തെ അഴിമതിയും കരിഞ്ചന്തയും തടയാന്‍ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിതരണം വഴിയുള്ള മണ്ണെണ്ണ വിതരണത്തിലെ ക്രമക്കേടുകള്‍ തടയാന്‍ എന്തെല്ലാം പുതിയ നിര്‍ദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) റേഷന്‍ വിതരണത്തിലെ അപാകതകളും അഴിമതിയും കണ്ടെത്തുന്നതിനുള്ള 'ബയോമെട്രിക് സംവിധാനം' എന്നുമുതല്‍ പ്രാവര്‍ത്തികമാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) റേഷന്‍കടകളിലെ മണ്ണെണ്ണ വിതരണത്തിലെ ക്രമക്കേടുകള്‍ കണ്ടുപിടിക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) റേഷന്‍മണ്ണെണ്ണ കരിഞ്ചന്തയില്‍ വില്‍പ്പന നടത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വര്‍ഷം എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; എത്ര ലിറ്റര്‍ മണ്ണെണ്ണ ഇപ്രകാരം വില്പന നടത്തിയതായി കണ്ടെത്തുകയുണ്ടായി എന്നും അറിയിക്കാമോ?

# കേരള നിയമസഭ

## 14.06.2012 -ലെ മറുപടിക്ക്

<u>അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിന് നടപടി</u>

1124 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) അവശ്യ സാധനങ്ങള്‍ക്ക് പുറമേ മറ്റ് ഉല്പന്നങ്ങള്‍ കൂടി സിവില്‍ സപ്ലൈസ് കോര്‍പ്പറേഷന്‍ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കില്‍ വിശദമാക്കുമോ ;

(സി) ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**നിത്യോപയോഗ സാധനങ്ങളുടെ**
**വില വർദ്ധന നിയന്ത്രണം**

1125 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വില നിയന്ത്രണത്തിനായി പൊതു മാർക്കറ്റിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിനകം എത്ര രൂപ ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

1126

**ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനു വേണ്ടി പൊതുമാർക്കറ്റിൽ കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിന് നിലവിലുള്ള സംവിധാനങ്ങൾക്കു പുറമേ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന</u>

1127 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്രമാതീതമായ പെട്രോളിയം വിലവർദ്ധനവ് മൂലം മിക്ക നിത്യോപയോഗ സാധനങ്ങൾക്കും പൊതുമാർക്കറ്റിൽ വില വർദ്ധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വില നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഇന്ധനവില വര്‍ദ്ധനയും ഉപഭോഗവും**

1128

**ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പെട്രോള്‍, ഡീസല്‍, മണ്ണെണ്ണ, പാചക വാതകം എന്നിവയുടെ വിലയില്‍ കഴിഞ്ഞ രണ്ട് വര്‍ഷത്തിനിടയില്‍ എത്ര തവണ ഏതെല്ലാം തീയതികളിലായി എന്തു തുക വീതം വര്‍ദ്ധനവുണ്ടായെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് ഇവ ഓരോന്നും പ്രതിമാസം ശരാശരി എത്ര അളവ് വീതം ഉപയോഗിക്കപ്പെടുന്നുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ ?

**കേരള നിയമസഭ**
**14.06.2012 -ലെ മറുപടിക്ക്**

**നാഫെഡ് വഴി കിറ്റുകൾ വിതരണം**

1129 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ 30% വിലക്കുറവിൽ നാഷണൽ അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (നാഫെഡ്) വഴി ആറായിരം കോടി കിറ്റുകൾ വിതരണം ചെയ്യുമെന്ന് പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **ഉണ്ടെങ്കിൽ ഇതിനകം സംസ്ഥാനത്ത് നാഫെഡിന്റെ എത്ര കിറ്റുകൾ, ഏതെല്ലാം സ്ഥലങ്ങളിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?**

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**ഹോട്ടലുകളിലെ ഭക്ഷ്യ സാധനങ്ങളുടെ വില നിയന്ത്രണം**

1130 ശ്രീ. എ. റ്റി. ജോര്‍ജ്
,, ഹൈബി ഈഡന്‍
,, പാലോട് രവി
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങള്‍ എന്തെല്ലാമാണ് ;

(ബി) പാലിന്റെയും പാചകവാതകത്തിന്റെയും വിലയില്‍ വര്‍ദ്ധനവ് ഉണ്ടാകുന്ന സാഹചര്യങ്ങളില്‍ പല ഹോട്ടലുകളും അന്യായമായ വില ഈടാക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കില്‍ ഇത്തരം ഹോട്ടലുകള്‍ക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് കൂടുതല്‍ ന്യായവില ഹോട്ടലുകള്‍ തുടങ്ങുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ;

(ഇ) അന്യസംസ്ഥാനങ്ങളില്‍ നിന്നുള്ള ഹോട്ടലുടമകള്‍ നടത്തുന്ന വെജിറ്റേറിയന്‍ ഹോട്ടലുകളില്‍ അമിതവില ഈടാക്കുന്നത് നിയന്ത്രിക്കുവാന്‍ നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

<u>നെല്ല് സംഭരണം</u>

1131 ശ്രീ. എം. ചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, വി. ചെന്താമരാക്ഷൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഏതെല്ലാം ഏജൻസികൾ വഴി ഈ വർഷം എത്ര ടൺ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; സംഭരിച്ചത് എത്ര ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ഈ വർഷം എത്ര ടൺ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; സംഭരിച്ചത് എത്ര ;

(സി) ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ എത്ര ശതമാനം സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട് ; സംഭരണം നടത്തിയ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണ് ; ഈ ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്ത് തുക ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട് ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**<u>നേമം നിയോജകമണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ</u>**

1132 **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ എത്ര സബ്‌രജിസ്ട്രാർ ഓഫീസുകൾ ഉണ്ട്;

(ബി) ആയവയുടെ ടെലിഫോൺ നമ്പർ നിലവിലെ സബ്‌രജിസ്ട്രാറുടെ പേര് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സബ്‌രജിസ്ട്രാർ ഓഫീസ് പരിധികളിലും നേമം നിയോജകമണ്ഡലത്തിലാകെയും ഭൂമിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർവാല്യൂ പട്ടിക ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.06.2012 -ലെ മറുപടിക്ക്

**കൊട്ടാരക്കരയിലെ അഡീഷണൽ സബ് രജിസ്ട്രാർ ആഫീസിന് പുതിയ കെട്ടിടം**

1133 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തീപിടുത്തത്തിൽ നശിച്ച കൊട്ടാരക്കരയിലെ അഡീഷണൽ സബ്‌രജിസ്ട്രാർ ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിന് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പ്ലാനും, എസ്റ്റിമേറ്റും ലഭ്യമാക്കിയാൽ നിർമ്മാണത്തിനാവശ്യമായ തുക രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?